

# വാഗ്ദത്ത പരിഹാര പ്രാർത്ഥന

**അവൻറെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.(1 പത്രോസ് 2 : 24)**
**എന്ന ഗാഗുൽത്താ നാഥന്റെ വാഗ്ദത്തത്തിൽ വിശ്വസിച്ചു കൊണ്ട്**
**ഞങ്ങൾ നിയോഗങ്ങൾ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു**

നിത്യനായ പിതാവേ, അങ്ങ് മാത്രമാണ് മരണമില്ലാത്ത ദൈവം; സ്നേഹമായ ദൈവം; കരുണയും അനുകമ്പയുമുള്ളവൻ. അങ്ങയുടെ ഏകജാതനായ യേശുക്രിസ്തുവിനെ നോക്കുകയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ.

പൂർവ്വ പിതാക്കന്മാരുടെ പാപങ്ങളും അവർ അങ്ങയുമായി ചെയ്ത ഉടമ്പടി ലംഘിച്ചതിലെ അനുസരണക്കേടും മൂലം അങ്ങയുടെ ജനം ശാപത്തിന്റെ ഭാരം പേറുന്നു. കരുണാമയനായ ദൈവം മനുഷ്യ വർഗത്തെ പാപശാപ ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കാൻ തന്റെ ഏക പുത്രനെ അയച്ചുവല്ലോ. അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനെ സകലജനത്തിനും വേണ്ടി കൽത്തൂണിൽ കെട്ടിയിട്ട് അടിച്ചപ്പോഴുണ്ടായ വേദനകളും മുറിവുകളും തിരുരക്തവും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അങ്ങ് അവിടുത്തെ പുത്രന്റെ അടിപ്പിണരുകളാൽ ഞങ്ങളെ സ്വതന്ത്രരാക്കുകയും മുറിവുകളാൽ ഞങ്ങളെ സൗഖ്യപ്പെടുത്തുകയും വിലയേറിയ അവിടുത്തെ തിരുരക്തത്താൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ, ആമേൻ

ഈശോയുടെ വിലയേറിയ തിരുരക്തമേ
പാപരോഗശാപ ബന്ധനങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ

ഈശോ മിശിഹായുടെ തിരുമുറിവുകളെ ഞങ്ങളുടെ മുറിവുകൾ ഉണക്കണമേ

അങ്ങയുടെ അടിപ്പിണരുകളാൽ ഞങ്ങളെ മുദ്ര വയ്ക്കണമേ

( ഓരോ നിയോഗവും ഈശോയുടെ തിരുമുറിവുകളിലേക്ക് സമർപ്പിച്ച്
എല്ലാ ദിവസവും അഞ്ചു പ്രാവശ്യം ചൊല്ലുക)

## ഗാഗുൽത്താ നാഥന്റെ വാഗ്ദത്തം

ഗാഗുൽത്താ ധ്യാനകേന്ദ്രം, കുറുമാൽ, തൃശൂർ
85 92 88 02 33 | 85 93 88 02 33 | 96 45 88 68 55